ത്തിൽനിന്നു പോലീസിന്റെ നിലപാടിനെ ന്യായീകരിക്കുമ്പോഴും ഇത്തരം വെടിവയ്പ്പുകളും വീണ്ടും ഉണ്ടായികൊണ്ടിരിക്കുന്നത് പ്രതിഷേധാർഹമാണ്. അതുകൊണ്ട് ഞങ്ങളും വാക്കൗട്ട് ചെയ്യുന്നു.

[Shri K. K. Aboo followed by the members of his party then walked out of the House.]

ശ്രീ. ഇ. ജോൺജേക്കബ്: ഈ പ്രശ്നത്തെക്കുറിച്ച് ഒരു കാര്യം സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. തൊഴിൽ തർക്കത്തെപ്പറ്റി ഇന്നുതന്നെ കുട്ടനാട് ഇൻഡസ്ട്രീയൽ റിലേഷൻസ് കമ്മിറ്റി ആലപ്പുഴ കളക്ടറുടെ നേതൃത്വത്തിൽ കൂടുകയാണ്.

CALLING ATTENTION UNDER RULE 61

Attack on Marxists at Cherukunnom.

മി. സ്പീക്കർ: കണ്ണൂരിൽ ചെറുകുന്ന് എന്ന സ്ഥലത്ത് വച്ച് 300-ൽ പ്പരം ആയുധധാരികളായ മാർക്സിസ്റ്റ്കാർ മുസ്ലീംലീഗുകാരെ ആക്രമിക്കുകയും അതിന്റെ ഫലമായി ഒരാൾ കൊല്ലപ്പെടുകയും മറ്റ് രണ്ട് പേർക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്ത സംഭവത്തെസംബന്ധിച്ച് റൂൾ 61 അനുസരിച്ച് ശ്രീ. അഹമ്മദ് നോട്ടീസ് തന്നിട്ടുണ്ട്. അദ്ദേഹത്തിന് സംസാരിക്കാം.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ കഴിഞ്ഞ 25-ാം തീയതി ഒരു കുഴപ്പ ബാധിത പ്രദേശമായ കണ്ണപുരത്തിനടുത്തുള്ള ചെറുകുന്നിൽ മാർക്സ്റ്റേതര കക്ഷികളുടെ സമാധാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം നടത്തുകയുണ്ടായി. ആ യോഗത്തിൽ സംബന്ധിക്കാൻ പോയിരുന്ന കുറെ ആളുകളും തിരിച്ചു വരുമ്പോൾ മാർക്സിസ്റ്റുകാരുടെ ശക്തി കേന്ദ്രമായ ചെറുകുന്നിലെ ഇരണാവുജംഗ്ഷൻ പ്രദേശത്ത് വച്ച് ആയുധധാരികളായ 300-ഓളം മാർക്സിസ്റ്റ്കാർ ഇവരെ വളയുകയും അവരുടെ നേരെ കല്ലേറ് നടത്തുകയും ചെയ്തു. കല്ലേറിൽനിന്നും രക്ഷപ്പെടാൻ വേണ്ടി ഓടിക്കൊണ്ടിരുന്ന മുസ്ലീംലീഗ് അനുഭാവികളും സമാധാനതൽപ്പരരുമായ ആളുകളെ മാർക്സിസ്റ്റുകാർ സംഘം ചേർന്ന് ആക്രമിക്കുകയും അതിന്റെ ഫലമായി മൂന്ന് തൊഴിലാളികൾക്കു സാരമായ മുറിവേൽക്കുകയും ചെയ്തു. വളപട്ടണത്ത് മരജോലിചെയ്യുന്ന ഐ. ബി. മഹമൂദ്, പി. ഹംസാ, കൊട്ടാരത്തിൽ മുസാൻകുട്ടി എന്നു പറയുന്ന ഈ മൂന്നു തൊഴിലാളികൾക്കും സാരമായ മുറിവേൽക്കുകയും കണ്ണൂർ ഹെഡ്ഡ് കാർട്ടേഴ്സ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഈ പരിക്കേറ്റവരിൽ മഹമൂദ് എന്ന തൊഴിലാളി 25-ാം തീയതി കണ്ണൂർ ആശുപത്രിയിൽ വച്ചു ഗുരുതരമായ പരിക്കിന്റെ ഫലമായി മരണമടയുകയും ചെയ്തു. മാർക്സ്സിസ്റ്റുകാർ ആ പ്രദേശത്ത് നടത്തിവരുന്ന സായുധസംഘട്ടനത്തിന്റെ ഫലമായി നിരപരാധികളായ ആളുകൾ മരിച്ചു വീഴുകയാണ്. ഇത്തരം ഗുണ്ടാകളുടെ പ്രവർത്തനം തുടരാൻ അനുവദിക്കുന്നതുകൊണ്ട് ആ പ്രദേശത്ത് സംഘർഷാവസ്ഥയും ഭീകരാവസ്ഥയും നിലനിൽക്കുകയാണ്. കണ്ണപുരം, ചെറുകുന്ന് തുടങ്ങിയ ആ പ്രദേശത്തുള്ള ഭീകരാവസ്ഥ അടിയന്തിരമായി അവസാനിപ്പിക്കാത്ത പക്ഷം അവിടെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാകുമെന്നും പാവപ്പെട്ട നിരപരാധികളായ തൊഴിലാളികളുടെ മരണത്തിനിടയാക്കിയ ഇത്തരം സംഭവങ്ങൾ മേലിൽ ഇല്ലാതാക്കുന്നതിനും മാർക്സ്സിസ്റ്റ് ഗുണ്ടാകളുടെ ആക്രമണത്തിൽ നിന്ന് നിരപരാധികളെ രക്ഷിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദ്കോയ): പാവപ്പെട്ട തൊഴിലാളികളുടെ മരണത്തിനിടയാക്കിയ ഈ സംഭവത്തിൽ ബഹുമാനപ്പെട്ട മെമ്പർക്ക് ഉണ്ടായ വികാരങ്ങളിൽ ഞാനും ഗവൺമെൻറും പങ്കുചേരുകയാണ്. നിർഭാഗ്യവശാൽ ഇത്തരം രാഷ്ട്രീയസംഘട്ടനങ്ങളും കൊലപാതകങ്ങളും നമ്മുടെ നാട്ടിൻെറ ചില ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ചിലപ്പോൾ മുസ്ലീംലീഗുകാരും മറ്റ് ചിലപ്പോൾ മറ്റുള്ളവരും എല്ലാം തന്നെ ഇതിന് ഇരയാകുന്നുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും നടന്ന സംഭവത്തിൽ കുറ്റക്കാരായ ആളുകളെ ശിക്ഷിക്കുവാനും ഗവൺമെൻറ് എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്, കൈകൊള്ളുന്നുണ്ട്. അതോടൊപ്പംതന്നെ നമ്മുടെ നാട്ടിൽ രാഷ്ട്രീയ വൈരനിര്യാതനത്തിൻെറ പേരിലുള്ള കൊലപാതകങ്ങൾ അവസാനിപ്പിക്കാനുള്ള കാലാവസ്ഥ ഉണ്ടാക്കിത്തീർക്കുന്നതിനുവേണ്ടി എല്ലാ ഭാഗത്തുനിന്നുള്ള ആളുകളും പരിശ്രമിക്കണമെന്നും എനിക്ക് അഭ്യർത്ഥനയുണ്ട്. ഈ മാതിരിയുള്ള സംഭവങ്ങളിൽ വളരെ ഗൗരവതരമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണെന്നുള്ള എൻെറ പ്രസ്താവന ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു.

PAPERS LAID ON THE TABLE

Chief Minister (**Shri C. Achutha Menon**): Sir, I lay on the Table:

A copy each of the following notifications issued by the Government under sub section (1) of Section 2 of the Kerala Public Services Act, 1968 (19 of 1968) read with Section 3 thereof containing amendments to the special rules for the Kerala Secretariat Subordinate Service:

(i) Notification G.O. (P) 310-69-PD dated October 15, 1969 (S. R. O. No. 493/69).

(ii) Notification No. 92015-SC3-69-PD dated November 21, 1969 (S. R. O. No. 494/69)

Minister for Industries and Labour (**Shri P. Ravindran**): Sir, I on behalf of the Revenue Minister, lay on the Table:

(i) A copy of the Notification G. O. (P) No. 21-70-LRD dated January 12, 1970 (S. R. O. No. 31/70) issued by the Government under section 129 of the Kerala Land Reforms Act, 1963 (1 of 1964) containing the Kerala Land Reforms (Vesting and Assignment) Rules, 1970.

(ii) A copy of the notification No. 23831/N3/69-2-LRD dated January 1, 1970 (S. R. O. No. 11/70 issued by the Government under section 18 of the Sreepadam Lands Enfranchisement Act, 1969 (20 of 1969) containing the Sreepadam Lands Enfranchisement Rules, 1969.

(iii) A copy of the notification No. 23832/N3/69-2LRD dated January 1, 1970 (S. R. O. No. 13/70 issued by the Government under section 33 of the Thiruppuvaram Payment (Abolition) Act, 1969 (19of 1969) containing the Thiruppuvaram Payment (Abolition) Rules, 1969.

LIBRARY ARCHIVES Kerala Legislative Assembly